

# ലിറ്റിൽ ബിറ്റ്സ്

## ജി.വി.എച്ച്.എസ്.എസ്

## അമ്പലവയൽ

# താളുകളിലൂടെ..............


ആമുഖം

ആശംസകൾ

സ്വപ്ന ചിപ്പിയില മണിമുത്തുകൾ(കവിത)

സ്നേഹത്തിന്റെ തൂവൽ(കഥ)

കനലാളുന്ന നോവുകൾ(കവിത)

ഞാൻ കണ്ട പ്രകൃതി

സ്വാതന്ത്ര്യ കൊടിയേന്താൻ(കവിത)

മഴവില്ലിന്റെ മധുരനാദം(കഥ)

തകരുന്ന ലോകം(കവിത)

ആശ്വാസം(കഥ)

വെളിച്ചത്തിന്റെ ഇരുട്ട്(കവിത)

പൊന്നുകെട്ടിയ രുദ്രാക്ഷം(ആസ്വാദനക്കുറിപ്പ്)

ഓർമ്മയിലെ ഏടുകൾ(കവിത)

മഴത്തുള്ളികൾ(ആസ്വാദനക്കുറിപ്പ്)

ബുക്ക് ഷെൽഫ്(കവിത)

ജീവിതം(കഥ)

മഴ തോരാത്ത വീട്(കവിത)

# ആമുഖം

വിവര-വിനിമയ സാങ്കേതികവിദ്യയിൽ നാം മുന്നേറിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ വിദ്യാർത്ഥികളും ഈ വിദ്യയുടെ ഭാഗമായിക്കഴിഞ്ഞു. പൊതു വിദ്യാഭ്യാസ വകുപ്പ് വിവര-വിനിമയ സാങ്കേതികവിദ്യയിൽ താൽപര്യമുള്ള വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് രൂപീകരിച്ചതാണ് "ലിറ്റിൽ കൈറ്റ്സ്" ക്ലബ്ബ്. അനിമേഷൻ, പ്രോഗ്രാമിംഗ്, മലയാളം കമ്പ്യൂട്ടിംഗ്, മൊബൈൽ ആപ്പ് നിർമ്മാണം, റോബോട്ടിക്സ് തുടങ്ങിയ നിരവധി മേഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി വരുന്നു.

മലയാളം കമ്പ്യൂട്ടിങ്ങിൽ പ്രാവീണ്യം തെളിയിക്കുന്നതിനായി വിദ്യാർത്ഥികൾ അവരുടെ സൃഷ്ടികൾ ടൈപ്പ് ചെയ്ത് അത് ക്രോഡീകരിച്ച് ഒരു ഡിജിറ്റൽ മാഗസിൻ ഓരോ വർഷവും തയ്യാറാക്കി വരുന്നു. അതിന്റെ ഭാഗമായി അമ്പലവയൽ ജി. വി. എച്ച്. എസ്. എസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയിരിക്കുന്ന "ലിറ്റിൽ ബിറ്റ്സ്" നിങ്ങൾക്ക് മുൻപിൽ സമർപ്പിക്കുന്നു.

# ആശംസ

വയനാട് ജില്ലയിലെ വളരെ മികച്ച പ്രവർത്തനങ്ങൾ നടത്തിവരുന്ന സ്ക്രൂളുകളിൽ ഒന്നാണ് ജി.വി.എച്ച്.എസ്.എസ് അമ്പലവയൽ. പി.ടി.എയുടെയും അധ്യാപകരുടെയും രക്ഷാകർത്താക്കളുടെയും നേതൃത്വത്തിൽ സ്ക്രൂളിന്റെ സമഗ്ര വികസനത്തിനു വേണ്ടി ഒരുപാട് നൂതനമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. 2019 ൽ സ്ക്രൂളിൽ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് വിവരസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട പല പ്രവർത്തനങ്ങളും സ്ക്രൂളിൽ നടപ്പിലാക്കി വരുന്നു. ഇലക്ട്രോണിക്സ്, റോബോട്ടിക്സ്, പ്രോഗ്രാമിംഗ് തുടങ്ങിയവ ഇവയിൽ ചിലതാണ്.

നമ്മുടെ വിദ്യാലയം ആർജ്ജിച്ചിട്ടുള്ള നേട്ടങ്ങളും മാതൃകാപരമായ പ്രവർത്തനങ്ങളും കുട്ടികളുടെ സർഗാത്മക കഴിവുകളും വിവരവിനിമയ സാങ്കേതിക വിദ്യയിലുള്ള ഇടപെടലുകളും ഉൾക്കൊള്ളിച്ച് പുറത്തിറക്കുന്ന ലിറ്റിൽ കൈറ്റ്സിന്റെ സ്ക്രൂൾ ഡിജിറ്റൽ മാഗസിൻ "ലിറ്റിൽ ബിറ്റ്സ്" ന് എല്ലാവിധ ആശംസകളും നേരുന്നു.

ഹെഡ്മിസ്ട്രസ്
ശ്രീമതി. ബിന്ദു എ വി

# ആശംസ

ബാല്യം വർണ്ണങ്ങളുടേതാണ്. .. ഭാവനകളുടേ താണ്... സർഗ പ്രക്രിയ ആനന്ദദായകമാണ്.... അറിവ് നല്കുന്നതാണ്... അതിൽ മുഴുകുമ്പോൾ നമ്മുടെ ലോകം വളരെ വലുതാകുന്നു.... നാമീ പ്രപഞ്ചത്തിന്റെ ഭാഗമാകുന്നു.... നിറങ്ങളുടെ പ്രപഞ്ചം നമ്മുടെ ഭാവനയിലൂടെ ലിറ്റിൽ ബിറ്റുകളായി പുറത്തു വരട്ടെ ... ലിറ്റിൽ കൈറ്റ്സിലെ എല്ലാ സർഗ പ്രതിഭകൾക്കും ആശംസകളോടെ...

സീനിയർ അസിസ്റ്റന്റ്
ഷാന്റി ഫ്രാൻസീസ്

# ആശംസ

**കേ**രളത്തിലെ സ്ക്കൂളുകളിൽ ഐ.റ്റി. ക്ലബ്ബ് എന്ന പേരിൽ നടന്നിരുന്ന പദ്ധതിയും, ഹായ് കുട്ടിക്കൂട്ടവും സംയോജിപ്പിച്ച് വിപുലമായ പ്രവർത്തന പദ്ധതിയോടെ ആരംഭിച്ച 'ലിറ്റിൽകൈറ്റ്സ്' പദ്ധതി 2019 ലാണ് ജി.വി.എച്ച്.എസ്.എസ് അമ്പലവയലിൽ ആരംഭിക്കുന്നത്. രാജ്യത്തിന് മാതൃകയാകുന്ന കേരളത്തിന്റെ പൊതുവിദ്യാലയരംഗത്തിന് മാറുന്ന കാലത്തിനനുസരിച്ച് ഇത്തരം നവീന പദ്ധതികൾ ഏറെ ഗുണകരമാകുന്നുണ്ട്.

സർക്കാർ സ്ക്കൂളുകളിൽ പഠിക്കുന്ന വളരെ സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് ഇൻഫർമേഷൻ ടെക്നോളജിയുടെ വലിയ സാദ്ധ്യതകളാണ് തികച്ചും സൗജന്യമായിത്തന്നെ ഉയർന്ന നിലയിൽ ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നത്. മാത്രമല്ല നമ്മുടെ വിദ്യാർത്ഥികൾ ഈ രംഗത്ത് മികച്ച നേട്ടങ്ങളും കൈവരിക്കുന്നുണ്ട് എന്നറിയുന്നതിലും അതിന് അവരെ പ്രാപ്തമാക്കുന്നതിനായി ചുമതലയുള്ള അദ്ധ്യാപകർ പരിശ്രമിക്കുന്നുണ്ടെന്നതിലും PTA പ്രസിഡണ്ട് എന്ന നിലയിൽ അതിയായ സന്തോഷമുണ്ട്.

ഐ.ടി മേഖലയുടെ അനന്തമായ സാദ്ധ്യതകൾ നമ്മുടെ ഭാവിതലമുറക്ക് വലിയ തൊഴിൽ സാദ്ധ്യതകൾ തുറന്നിടുന്നുണ്ട് എന്നതിനാൽ ഈ പദ്ധതിയെ ഇനിയും വിപുലപ്പെടുത്തി നമ്മുടെ വിദ്യാർത്ഥികളെ കൂടുതൽ മൽസരാധിഷ്ഠിത ലോകത്ത് കരുത്തുള്ളവരാക്കി മാറ്റാൻ ഈ രംഗത്തുള്ളവർക്ക് കഴിയട്ടെ എന്നാശംസിക്കുന്നു.

ജി.വി.എച്ച്.എസ്.എസ് അമ്പലവയൽ ലിറ്റിൽകൈറ്റ്സ് ക്ലബ്ബിനും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഒരിക്കൽ കൂടി വിജയാശംസകൾ.......

പി.റ്റി.എ പ്രസിഡണ്ട്
ശ്രീ. ജോണി ഇ കെ

# സ്വപ്ന ചിപ്പിയിലെ മണിമുത്തുകൾ



അവൾ ഇറങ്ങിയത് എൻ മേലോ മനസ്സിലോ?
എന്നിൽ നീ കുളിർ നിറച്ചു തന്നോ?
അവൾ എൻ ബാല്യകാല മോഹം സാക്ഷാത്കരിച്ചോ?
എൻ മനം കുളിരാൽ നിറച്ചോ?
ഓരോ തുള്ളികളായി അവ എൻ മേൽ പതിക്കുമ്പോൾ,
അതോരോ മോഹക്കണികകൾ ആണെന്ന് ഞാൻ തിരിച്ചറിഞ്ഞോ?
അവളെൻ സ്വപ്നലോകമാലാഖയോ?
എൻ സ്വപ്ന ദേവതയോ?
അവളുടെ ശബ്ദം ആരും പാടാത്ത പാട്ടോ?
അതോ സ്വർഗ്ഗത്തിൽ നിന്നും വന്ന സ്വർണ തരികളോ പവിഴ മുത്തോ?
അമ്മ പറഞ്ഞിട്ടും അരുതേ, മകളെ, കളിക്കരുതേ
മഴയിൽ കളിക്കല്ലേ പൊന്നുമോളെ. അമ്മേ, അവളെൻ സ്വപ്നമാലാഖ
സ്വർണ്ണത്തരികളും പവിഴ മുത്തും
ആർക്കുണ്ട് തിളക്കം അവൾക്കു മീതേ
രത്നം തോറ്റു പോകില്ലേ?
കോർത്തിടും ഈ മുത്തുകൾ ഞാനെൻ മാലയിൽ
നോക്കമ്മേ, ഓടിൽ തോരണം തൂക്കിയതെൻ
മാലാഖയോ മണി മുത്തോ
അവളെൻ കണ്ണുകളിൽ മുത്തം വച്ചോ
അതോ അത് വെറും പാഴ് സ്വപ്നമായിരുന്നോ
കൊതിച്ചു കാത്തിരിപ്പൂ ഞാൻ അവൾക്കായി
എൻ സ്വപ്ന ദേവതയ്ക്കായ്
വീണ്ടും എന്നിൽ കുളിർ നിറയ്ക്കുവാനായി
ലോകം കാത്തിരിപ്പൂ അവൾക്കുവേണ്ടി
പ്രകൃതിയാം അമ്മ കാത്തിരിപ്പൂ

അവൾക്ക് വേണ്ടി വീണ്ടും
ഈ ഭൂമിയെ ഹരിതാഭമാക്കാൻ
മേഘത്തിൽ നിന്നവൾ ഊർന്നിറങ്ങി
ഈ പ്രതിഭാസമെത്ര മനോഹരം സ്നേഹ സുരഭിലം
വീണ്ടും നിനക്കായി ഞാൻ കാത്തിരിക്കും
എൻ സ്വപ്ന ചിറകിനുള്ളിൽ ഞാൻ കാത്തുവെച്ച
എൻ സ്നേഹ സ്വപ്നമാണ് നീ
എൻ മോഹക്കൂടാരത്തിലെ മണിമുത്തുകൾ നീ
തുടിക്കും എൻ മനം നിനക്കുവേണ്ടി
വരും ജന്മങ്ങളിലും ഇനിയുമെൻ തോഴിയായി വരികയില്ലേ
കറുത്ത പഞ്ഞികെട്ടിനുള്ളിൽ ആരു നിറച്ചതാണീ പവിഴ മുത്തുകൾ
എൻ സ്വപ്നചിറകിലെ മണിമുത്തുകൾ
മേഘങ്ങളാകുമീ തേരിനുള്ളിൽ നിന്നെ ഞാൻ തേടിടും
മരിക്കുവോളം വരും ജന്മങ്ങളിലും

അരുണിമ കെ.വി (9 B)

# സ്നേഹത്തിൻറെ തൂവൽ

നല്ല തണുത്ത കാറ്റുണ്ട്. രാഹുൽ പതിയെ ചാരുകസേരയിൽ നിന്ന് എഴുന്നേറ്റ്, അരികിലായി ചാരി വെച്ചിരുന്ന വടി കൈകളിലേന്തി വേച്ചു വേച്ചു നടന്നു. തൊട്ടു മുൻപിലായി ഒത്തിരി സ്നേഹവും കരുതലും തനിക്കു പകർന്നു തന്ന തന്റെ അമ്മയുടെ മുൻപിൽ ഉയർന്നുനിന്നിരുന്ന മെഴുകുതിരിക്ക് ജീവൻ പകരാനായി തീപ്പെട്ടിയെടുത്ത് ഒന്നുരച്ചു. ആ എരിയുന്ന മെഴുകുതിരിയിൽ നിന്നും ഉതിരുന്ന മെഴുകു പോലെ നീറുന്ന മനവുമായി ഒരിറ്റു കണ്ണീർ നിലത്ത് വീണു. "മോനേ. ... രാഹുലേ. .. നീ വന്ന് വല്ലോം കഴിക്കുന്നുണ്ടോ കുട്ട്യേ. ....? നീ അവിടെ എന്തെടുക്കുവാ?". " ഞാൻ വരാം മുത്തശ്ശി... ". തന്റെ ഇടതുകൈ കൊണ്ട് കണ്ണുനീർ തുടച്ച് അവൻ മറുപടി കൊടുത്തു. അമ്മയുടെ മരണശേഷം അവനെ നോക്കുന്നത് മുത്തശ്ശിയാണ്. ഒറ്റയ്ക്ക് നിൽക്കാനുള്ള പ്രായം അവനായെങ്കിലും അവന്റെ സ്നേഹഭാജനം ആയിരുന്ന അമ്മയുടെ ഓർമ്മകൾ അവനെ വിട്ടു പോയില്ല. ഭക്ഷണശേഷം അവൻ പതിയെ മുറിയിലേക്ക് എത്തി. അവിടെ തന്നോടൊപ്പം ചിരിക്കുന്ന മുഖവുമായി ഇരിക്കുന്ന അമ്മയുടെ ഫോട്ടോയിലേക്ക് അവനൊന്നു നോക്കി. മെല്ലെ സോഫയിലേക്ക് ചാഞ്ഞു. " ദൈവത്തോട് പ്രാർത്ഥിച്ചു കിടന്നോളൂ... ". "ശരി മുത്തശ്ശി" അവൻ മറുപടി കൊടുത്തു. അവൻ ഓർത്തു. മയക്കത്തിന്റെ മാലാഖമാർ അവന്റെ ചുറ്റിലും വന്നു. അവൻ പതിയെ മയക്കത്തിലേക്ക് നീങ്ങി.



ഒരു ദിവസം അവൻ രാവിലെ എഴുന്നേറ്റ് കൃത്യങ്ങൾ കഴിഞ്ഞ് അമ്മ വാങ്ങിക്കൊടുത്ത പുതിയ ഷർട്ടും മുണ്ടും ഉടുത്ത് ഒരു കുറിയും തൊട്ട് ഭക്ഷണത്തിനായി ചെല്ലുമ്പോൾ പട്ടുസാരിയുടുത്ത് കുളിച്ചു കോതിയ മുടി അഴിച്ചിട്ട് നെറ്റിയിൽ കുറിയും ഇട്ട് ദേവതതുല്യയായി അമ്മ നിൽക്കുന്നു. " ആ വേഗം വരൂ രാഹുൽ. ഞാൻ കാത്തിരിക്കുകയായിരുന്നു. വേഗം വന്ന് ഭക്ഷണം കഴിക്കൂ. അമ്പലത്തിലേക്ക് പോവേണ്ടേ നമുക്ക്... ". "ആ ഞാൻ റെഡി. പോവാം നമുക്ക്". "അപ്പോൾ നീയൊന്നും കഴിക്കുന്നില്ലേ...?" അമ്മ ചോദിച്ചു. " നമുക്ക് രണ്ടാൾക്കും ഇന്ന് ദീപുവേട്ടന്റെ പുതിയ ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിക്കാം". " അതു വേണ്ടടാ.. ", അമ്മ പറഞ്ഞു. " അമ്മയൊന്നും പറയണ്ട... ഇന്ന് നല്ലൊരു ദിവസമായിട്ട്....അമ്മ വന്നേ", അവൻ അമ്മയുടെ കൈപിടിച്ച് വലിച്ച് കാറിനരികിലേക്ക് നീങ്ങി.

"ആ...പിന്നെ ഒരു കാര്യം പറയാൻ മറന്നു. നിനക്ക് ഈ അമ്മേടെ സ്നേഹം നിറഞ്ഞ പിറന്നാൾ ആശംസകൾ". " താങ്ക്യൂ, എന്റെ പുന്നാര അമ്മേ. വാ". അവർ രണ്ടുപേരും കാറിൽ കയറി". "ഒന്ന് പയ്യെ പോ...". അമ്മ പറഞ്ഞു. " ഇങ്ങനെ പോയാൽ അമ്പലം നിറയും, പിന്നെ ഹോട്ടലിലും ആളാകും". " അതൊന്നും പറഞ്ഞിട്ട് കാര്യമില്ല മോനേ, നീ നിർത്ത് ഞാനിവിടെ ഇറങ്ങിക്കോളാം". അമ്മ ഭയത്തോടെ പറഞ്ഞു. "നിനക്കറിയാമോ? എത്രയെണ്ണാനും വണ്ടിയാണ് അപകടത്തിൽപ്പെടുന്നത് ". "അമ്മെ, ഒന്നു മിണ്ടാതിരിക്ക്. പ്ലീസ്. അമ്മയ്ക്ക് ഒരു അപകടവും വരാണ്ട് ഞാൻ നോക്കിയാ പോരെ". പെട്ടെന്നാണ് രാഹുലിന് എതിരെ വരുന്ന വണ്ടിയെ വെട്ടിച്ചെടുക്കാൻ കഴിയാതെ വന്നത്.

പിന്നെ ഓർമ്മ വരുമ്പോൾ അവൻ കട്ടിലിലാണ്. ചാടി എഴുന്നേറ്റപ്പോൾ കയ്യിലും കാലിലും കെട്ടുകൾ. അവൻ അതിനെയെല്ലാം അതിജീവിച്ച്

ഉമ്മറത്തേക്ക് ഓടി. അവിടെ എരിയുന്ന വിളക്കിനും പുകയുന്ന തിരിക്കും താഴെ വെള്ളത്തുണിയായി പൊതിഞ്ഞു പൂക്കളാൽ അലങ്കരിക്കപ്പെട്ട രാഹുലിന്റെ അമ്മ കിടക്കുന്നു.

"അമ്മേ, അമ്മേ" എന്നു വിളിച്ചാണ് അവൻ ഉണർന്നത്. പെട്ടെന്ന് അടുത്തിരുന്ന ജഗ്ഗിൽ നിന്ന് ഒരു ഗ്ലാസ് വെള്ളം എടുത്തു കുടിച്ചു. താൻ ഇത്രയും നേരം കണ്ടത് കിനാവായിരുന്നോ? അവന് വിശ്വസിക്കാനായില്ല. " എന്താ കുട്ട്യേ ഒരു ശബ്ദം. ദൈവത്തോട് പ്രാർത്ഥിച്ചു കിടന്നോളൂ". "ശരി മുത്തശ്ശി", അവൻ മറുപടി കൊടുത്തു.

അന്ന് അവന്റെ അമ്മ പറഞ്ഞ വാക്കുകൾ കേട്ടിരുന്നു എങ്കിൽ അവനിന്ന് ഈ ഗതി വരില്ലായിരുന്നു. അമ്മയോടൊപ്പം സ്വർഗ്ഗതുല്യമായി കഴിയാമായിരുന്നു. എല്ലാത്തിനും കാരണം ഞാനാ, ഞാൻ മാത്രം. ഈ പാപിയോട് ക്ഷമിക്കണം എന്ന് മനസ്സിൽ പറഞ്ഞു. അടുത്തിരുന്ന ഫോട്ടോ നെഞ്ചോട് ചേർത്തപ്പോൾ അവൻ പോലും അറിയാതെ അവന്റെ കണ്ണിൽനിന്ന് കണ്ണുനീർ ഉതിർന്നു വീഴുന്നുണ്ടായിരുന്നു.

റഫ്ന പി.എ
9 C

## കനലാളുന്ന നോവുകൾ

എന്റെ നോവുകൾ കൊണ്ടു ഞാൻ നടപ്പൂ,
കാലങ്ങളോളമായ് തെരുവിൽ തിരിഞ്ഞു
നോക്കാൻ ആരുമില്ലിവിടെ.



എന്റെ സങ്കടങ്ങൾ എന്നെ അലട്ടുന്ന
കാലമിതിപ്പോൾ നീറുന്ന നോവുമായ്
എന്റെ ഹൃദയ തുടിപ്പുകൾ.

കനലാളുന്ന നോവുമായി ജീവന്റെ
തുടിപ്പുകൾ തേടി നടക്കുന്നു ഞാൻ.
സങ്കടങ്ങൾ പങ്കുവയ്ക്കാൻ ആരുമില്ലിവിടെ.

ആനന്ദം തേടി ഞാൻ അലയുന്നു
കുഴിയിലേക്ക് നോവുകൾ ഉപേക്ഷിച്ച്
സന്തോഷത്തിന്റെ നാളുകൾക്കായ്.

നിഹാല എ എം
9 C

# ഞാൻ കണ്ട പ്രകൃതി

8 വർഷമായി തുടരുന്ന പക്ഷി നിരീക്ഷണവും ഒപ്പം പ്രകൃതി നിരീക്ഷണവും എനിക്കും കുടുംബത്തിനും വളരെ വളരെ വലിയ ഊർജമാണ് നൽകുന്നത്. എത്ര കണ്ടാലും തീരാത്ത ഒരുപാട് കൗതുകങ്ങൾ പ്രകൃതി നമുക്കായി കാത്തുവച്ചിട്ടുണ്ട്. പുതിയ കാഴ്ചകൾ തേടിയുള്ള ഓരോ യാത്രയും നൽകിയ സമ്മാനങ്ങൾ വളരെ അമൂല്യങ്ങളാണ്.. കടുവയെ തേടിയുള്ള ആദ്യ യാത്രയിൽ കബനിയിൽ വച്ച് നാലു കടുവകളെ ഒന്നിച്ചു കാണാൻ പറ്റിയത് ജീവിതത്തിൽ ഒരിക്കലും മറക്കില്ല. നല്ല ചിത്രമെടുക്കാൻ പറ്റാഞ്ഞതിന്റെ സങ്കടം ഇനിയും ബാക്കി.നെല്ലിയാമ്പതിയിൽ മൂന്നുവട്ടം പോയിട്ടുണ്ടെങ്കിലും കഴിഞ്ഞ യാത്രയിൽ വലിയ ഒരാഗ്രഹം സാധിച്ചു. നമ്മുടെ കേരളത്തിന്റെ ഔദ്യോഗിക പക്ഷിയായ വേഴാമ്പലിനെ കണ്ണുനിറയെ... മനസ്സുനിറയെ കണ്ടാസ്വദിച്ചു... കൂട്ടിൽ അടയിരിക്കുന്ന തന്റെ ഇണക്കിളിക്ക് കൊക്കിൽ ശേഖരിച്ച ചെറുപഴങ്ങളുമായി വന്ന് തീറ്റ നൽകുന്ന ആൺ വേഴാമ്പൽ. ഭർത്താവും മോനുമൊക്കെ അതിന്റെ ചിത്രങ്ങൾ പകർത്തുമ്പോൾ അത്യാവശ്യം കുറച്ച് ചിത്രങ്ങൾ എടുത്തശേഷം ആ അതിമനോഹരകാഴ്ച നിറഞ്ഞ മനസോടെ കണ്ടുനിന്നു .ആൺ വേഴാമ്പൽ തന്റെ ഇണക്കിളിക്കായി ചെറുപഴങ്ങൾ ശേഖരിക്കുന്ന കാഴ്ചയും കാണേണ്ടത് തന്നെയാണ്.



രണ്ടുമൂന്ന് ദിവസം അടുപ്പിച്ചു അവധി കിട്ടിയാൽ എങ്ങോട്ടെങ്കിലും യാത്രപോകും. വീട്ടിലെല്ലാവർക്കും ഒരേ മനസായതുകൊണ്ട് യാത്രകൾ ഒരുപാട് ചെയ്യാൻ പറ്റുന്നു.എത്രതവണപോയാലും മടുപ്പ് തോന്നാത്ത ഒരു യാത്രയാണ് മസിനഗുഡി -മോയാർ യാത്ര.കുടുംബമായിട്ട് 14 തവണയിലധികം പോയിട്ടുണ്ട്. മൃഗങ്ങളെയൊന്നും കാണാൻ പറ്റിയില്ലെങ്കിലും കാട്ടിലൂടെ മണിക്കൂറുകൾ നീളുന്ന യാത്ര അവിസ്മരണീയം തന്നെ.ലോക്ഡോൺ കാലം ഒട്ടും വിരസതയില്ലാതെ കൊണ്ടുപോകാൻ കഴിഞ്ഞത് വീട്ടുമുറ്റത്തെ വന്യത തിരഞ്ഞു കൊണ്ടാണ്.ചെറിയ ജീവികളുടെ വലിയൊരു ലോകം നമുക്ക് ചുറ്റുമുണ്ടെന്ന് ഈ യാത്രകളിൽ നിന്നും കൂടുതൽ മനസിലാക്കാനും സാധിക്കുന്നു.




ശ്രീമതി. പ്രിയ എ വി
UPST

ടീച്ചറുടെ ക്യാമറ കണ്ണുകളിലൂടെ..........











# സ്വാതന്ത്ര്യ കൊടിയേന്താൻ



സ്വാതന്ത്ര്യ കൊടിയേന്താൻ, രക്തസാക്ഷിത്വം വഹിക്കാൻ
തുണയായുമിണയായും പാഞ്ഞിടുന്നു.
നോവുകൾ എരിയുന്ന മണ്ണിലേക്കിന്നാരുമായ്
ഞാനും പാഞ്ഞിടുന്നു.
കനലിന്റെ കൂട്ടിലേക്കിരുളിന്നറയിലേക്ക് പാഞ്ഞിടുന്നു.
തിളക്കുന്ന ചോരയായ്, ജീവന്റെ തുടിപ്പുമായ് പാർത്തിടുന്നു.
സ്വപ്നത്തിൽ നിന്നുണരു നീ, ലോകത്തിൻ
കാഴ്ച കാണാൻ, പുകയുന്ന മാലിന്യം, ചീയുന്ന പുഴ നിൻ
കൺമുന്നിലിതാ...
എന്തിനു മനുഷ്യാ നീ എന്തിനേൽപ്പിക്കുന്നീ
വേദനകൾ, മാറണം നാമിനി മാറേണ്ടതുണ്ടിനി പ്രകൃതി
തൻ മക്കളായ്, തിളങ്ങുന്ന സൂര്യനായ്, വിരിയും നിലാവായ്
വീശും കുളിർക്കാറ്റായ് സ്വാതന്ത്ര്യകൊടിയേന്താൻ.

അൻഷിയ കെ
9 C

# മഴവില്ലിന്റെ മധുരനാദം

കണ്ണെത്താ ദൂരത്ത് മേഘങ്ങൾ മൂടിക്കിടക്കുന്ന ഒരാകാശം. സൂര്യൻറെ വരവോടെ മേഘങ്ങൾ പതുക്കെ പതുക്കെ തെന്നി മാറി. കൊച്ചു ഭൂമിയെ നോക്കി സൂര്യൻ പുഞ്ചിരിതൂകി. സൂര്യൻറെ പ്രകാശത്തിൽ ഭൂമി ആനന്ദം തൂകി. മരങ്ങൾ തിളങ്ങി, പുഴകളും കൊച്ചു അരുവികളും കളകള നാദത്തോടെ ഒഴുകിമറയുന്നു. എങ്ങും ആനന്ദത്തിന്റെ പൊൻവിളികൾ.

പൂക്കൾ ചിരി വിടർത്തി ഭൂമിയെ സുന്ദരിയാക്കി. കുട്ടികൾ കളികളിൽ മുഴുകി. എങ്ങും ഒരു പ്രകാശം.



എന്നാൽ എല്ലാവരുടെയും ആനന്ദം നിലപ്പിച്ചുകൊണ്ട് ഇടിവെട്ടി. മിന്നലുകൾ തൂകി. ആർത്തലച്ചു വരുന്ന മഴത്തുള്ളികൾ മണ്ണിലേക്ക് ശക്തിയായി പതിക്കാൻ തുടങ്ങി. കന്നുകാലികൾ കൂട്ടം തെറ്റി ഓടാൻ തുടങ്ങി. മരങ്ങൾ കടപുഴകി വീണു. ശാന്തമായി ഒഴുകിയ പുഴയും അരുവിയും നിറഞ്ഞു കവിഞ്ഞു, ശക്തിയായി ഒഴുകാൻ തുടങ്ങി. എവിടെയും ഒരു ഭീകരാന്തരീക്ഷം.

എന്നാൽ ഇതിനെല്ലാം പരിഹാരമോതി ഏഴു നിറത്തിന്റെ രാജാവായ മഴവില്ല് ഏവരുടെയും ആശ്രയത്തിനെത്തി. പെട്ടെന്ന്മഴ നിലച്ചു. അന്തരീക്ഷം പഴയതു പോലെയായി. പുഞ്ചിരി തൂകി സൂര്യൻ ആകാശത്ത് പ്രത്യക്ഷപ്പെട്ടു. എങ്ങും വിജയത്തിൻറെ ആർപ്പുവിളികൾ തുടങ്ങി. ജനങ്ങൾ മഴവില്ലിനെ നോക്കി പുഞ്ചിരിച്ചു. കണ്ണഞ്ചിപ്പിക്കുന്ന നിറങ്ങളോടെ തങ്ങളെ രക്ഷിച്ച മഴവില്ലിനെ കുട്ടികൾ അത്ഭുതത്തോടെ നോക്കി. ഇവനാണോ നിറങ്ങളുടെ രാജാവ്? കുട്ടികൾ പരസ്പരം നോക്കി. കുട്ടികൾ സംശയിച്ചു നിന്നു.

കുട്ടികളുടെ സംശയം തിരിച്ചറിഞ്ഞ മഴവില്ല് തന്നെ സ്വയം പരിചയപ്പെടുത്തി. എല്ലാ നിറത്തിന്റെയും രാജാവ് അല്ല താൻ. ഏഴു നിറത്തിന്റെ കിരീടം ചൂടിയ പാവം രാജാവ്. തന്റെ നിറങ്ങൾ എല്ലാവരെയും ആകർഷിപ്പിക്കുന്നു. തന്റെ നിറത്തിനെ എല്ലാരും ആർത്തിയോടെ നോക്കുന്നു. കുട്ടികളിൽ നിറങ്ങൾ മനസ്സിലാക്കാൻ തന്നെ പരിചയപ്പെടുത്തുന്നു. തന്റെ ഗ്രാമത്തെ മഴയിൽ നിന്ന് രക്ഷിക്കാൻ താൻ ഏഴു നിറങ്ങളോടെ ആകാശത്ത് പ്രത്യക്ഷപ്പെടും. എന്നും തന്നെ ആർക്കും കാണാൻ കഴിയില്ല. അതുപോലെ നാടിന്റെ രക്ഷയ്ക്ക് പല പല നാളായി പ്രത്യക്ഷപ്പെടും. ആ ദിവസം മഴയെ ഭയക്കുന്ന എല്ലാവരും തന്നെ കാണുമ്പോൾ സന്തോഷവാനാകും. കൃഷി ചെയ്യുന്ന കർഷകർ, കൂട് ഉണ്ടാക്കുന്ന പക്ഷികൾ, നിറങ്ങൾ തൂകി നിൽക്കുന്ന പൂക്കൾ, മരങ്ങൾ, ജീവജാലങ്ങൾ എന്നിവർക്ക് താൻ ആശ്രയം നൽകും. അവരുടെ സന്തോഷം തന്റെ മനസ്സ് നിറയ്ക്കും. വൃക്ഷങ്ങളിൽ നിറങ്ങൾ കാണുമ്പോൾ ആളുകൾ തന്നെ ഓർക്കും. പച്ച, മഞ്ഞ, ചുവപ്പ്, നീല തുടങ്ങിയ നിറങ്ങൾ തന്നെ കൂടുതൽ സുന്ദരിയാക്കുന്നു. തൻറെ ഈ നിറങ്ങൾ തന്നെയും തന്റെ ഭൂമിയെയും സംരക്ഷിക്കുന്നു. മഴയിൽ നിന്ന് നാടിനെ രക്ഷിക്കുന്നതിനാൽ മഴവില്ല് എന്ന നാമം തനിക്ക് ആളുകൾ നൽകി. അങ്ങനെ ഏഴു നിറങ്ങളുടെ രാജാവായ താൻ മഴവില്ലയി മാറി. അമ്പില്ലാത്ത വില്ല് എന്നും ചിലർ തന്നെ പറയുന്നു.

കുട്ടികൾ മഴവില്ലിനെ നോക്കി വീട്ടിലേക്ക് മടങ്ങി. നാടിന് പുതിയ അറിവും രക്ഷകനുമായ മഴവില്ലിന്റെ നിറങ്ങൾ മങ്ങി, പതിയെ പതുക്കെ ആകാശത്തിൽ ഒളിക്കാൻ ശ്രമിക്കുന്നു. വളരെ സമാധാനത്തിൽ മഴവില്ല് അപ്രത്യക്ഷനായി മാറി. തന്റെ ജീവിതം കൊണ്ട് നന്മകൾ ചെയ്തും, രക്ഷകനായും മഴ വരുമ്പോൾ മഴവില്ല് ജനങ്ങളുടെ വിളി കേട്ട് പതുക്കെ പതുക്കെ ആകാശത്തിൽ കാണുന്നു. മഴവില്ലിന്റെ നന്മകളാണ് അവയുടെ വാക്കുകൾ.അവയുടെ മധുരനാദം.

ഫസ്ന ഫാത്തിമ(9 A)

## തകരുന്ന ലോകം



ഈ ലോകം ഇത് മാറിയത് കേൾ...
ഭൂമി താറുമാറായിടുന്നതു കേൾ...
മാനവർ നമ്മുടെ ദുഷ്ചിന്ത ഓർത്തിട്ട്
മാതൃഭൂമി നീ കേഴുന്നുവോ?
മാറുപിളരുന്ന വേദനയിൽ നിന്റെ മാനസം
വെന്തു വെണ്ണീർ പോൽ...

മൂകമീ കൺകളിൽ ദുഃഖത്തിൻ
തിരമാല ആർത്തുല്ലസിച്ചങ്ങു നൃത്തമാടി,
മാനവർ തീർത്തൊരു തിന്മകൾ തിങ്ങിയ
ഗിരിനിരകൾ പൊടി മുളച്ചീടുമ്പോൾ
കേഴുന്നു ഭൂമി ........ഒരുമാത്ര നിർത്താതെ
കേഴുന്ന നിഴലായ് യാചിക്കുന്നു...

ഇന്നു നാം കാണുന്ന മാനുഷർ
വെറും മാനുഷർ ആവുന്നതില്ല കേൾ...
തിന്മകൾ കുത്തിയിറക്കുന്നിതു
വഞ്ചനക്കുന്നുകൾ കുമ്പാരമായ്...
വേദന തിങ്ങിയ ഭൂമിയിന്നു
മതിവരുവോളം തേങ്ങുകയായ്...

മാനവ മനസ്സിൽ നിന്നും അജ്ഞാതനായ്,
നന്മകൾ പതിയെ പടിയിറങ്ങി.
മഴയായി മനസ്സിൽ നിറഞ്ഞതാകെ
ദുഷ്ചിന്തയും ക്രൂരതാപങ്ങളും...
വെട്ടിയിറക്കുന്നു, പിച്ചി കീറുന്നു
വേദനതൻ മുൾമുനയിൽ നിർത്തുന്നു.

കൂടപ്പിറപ്പുകൾ മാതാപിതാക്കൾ
കൂട്ടുകാർ ഗുരുക്കന്മാർ
ആരെയും തിരിച്ചറിയുന്നില്ല കേൾ...
കൊന്നു നിരത്തി ഇടുന്നതും കേൾ...

ഒരു മാത്ര നാം ചിന്തിക്കുക
എന്തിനിതു ചെയ്യുന്നു നന്മയായ്..

ലോകം മാറിയതു മാനവർ കാരണം
മാനവ ക്രൂരതകൾ കാരണം
മൂകമായി കേൾക്കുന്ന ഭൂമിമാത
മാനസം താനെ തകർന്നിടുമ്പോൾ

ഒരു കാലം നമ്മുടെ ഭൂമിയും
നാം കാരണം കരയുന്നത് കേൾ...
ഭൂമിതൻ മക്കളായി കരുതപ്പെടുന്ന
നാം മാനവർ തന്നുടെ ചെയ്തികൾ
ഇനിയില്ല നല്ലൊരു പുലർക്കാലം.
ഇനിയില്ല നല്ലൊരു വർണ്ണകാലം.

നിറമില്ലാതീ ലോകം നിറകണ്ണും
നിറയിച്ചു നന്മകളെ കാത്തിരിപ്പൂ,
നിലാവിൻറെ വെട്ടം മറന്നു
തിന്മകൾ മാത്രം നിറഞ്ഞ ലോകം.
വിടപറയേണ്ടു നാം ഇവിടെ നിന്ന്.
വിടപറയേണ്ടു നാം ഈ ഭൂവിൽ നിന്ന്.

ഫിദ ഷെറിൻ

9 B

# ആശ്വാസം

ഏത് സമയം നോക്കിയാലും മഴ പെയ്തുകൊണ്ടിരിക്കുന്ന ഒരു നാട് ഉണ്ടായിരുന്നു. അവിടെ ഉള്ളവർക്ക് വെള്ളത്തിന് ക്ഷാമം ഇല്ലായിരുന്നു. അവിടെ തെക്കേ ഭാഗത്തായി ഒരു പുഴയും തെക്ക് പടിഞ്ഞാറ് ഭാഗത്തായി ഒരു കുളവും ഉണ്ടായിരുന്നു. എപ്പോഴും മഴ പെയ്യുന്നുണ്ട്, പക്ഷേ ആവശ്യത്തിന് മാത്രം. കൊടും മഴയും അല്ല, വെറുതെ ചാറി പോകുന്നതും അല്ല. അതുകൊണ്ടായിരിക്കാം അവിടെ ഒരുപാട് കൃഷി ചെയ്യുന്നത്.

അതുകൊണ്ടുതന്നെ ആ ജില്ലയിലെ ഏറ്റവും നല്ല ഗ്രാമം ആയിട്ടാണ് ആ ഗ്രാമത്തെ കാണുന്നത്. തികച്ചും ഒരു ഗ്രാമഭംഗി കാണണമെങ്കിൽ അവിടേക്ക് വേണം വരുവാൻ. അത്രയും ഭംഗി. ചില സമയങ്ങളിൽ നോക്കിയാൽ ചില ഭാഗങ്ങൾ ചിത്രം വരച്ചതായും തോന്നാം. ഒരുപാട് സിനിമകൾ ഷൂട്ട് ചെയ്യാൻ വന്നു പോയിട്ടുണ്ട്. മാത്രമല്ല, ആവശ്യത്തിന് വെള്ളം കിട്ടുന്ന സ്ഥലം ആയതുകൊണ്ട് ശുദ്ധജലത്തിനായി ഫാക്ടറികൾ വരെ നിലവിൽ വന്നിട്ടുണ്ട്.



പക്ഷേ അവിടത്തെ ജലനിരപ്പ് കളയരുത് എന്ന പ്രതിജ്ഞയുമായി നാട്ടുകാർ എതിർത്തു. ഇതെല്ലാം കണ്ട് അവിടെ ഒരു കുട്ടി വളരുന്നുണ്ടായിരുന്നു. അവൻറെ പേര് രാഹുൽ എന്നായിരുന്നു. അവൻ വളർന്നത് അത് കണ്ടിട്ട് മാത്രമല്ല, അവിടുത്തെ ഭംഗി ആസ്വദിച്ചുമാണ്. അവൻ പഠിക്കാൻ മിടുക്കനാണ്. പക്ഷേ അവൻ പഠിക്കുന്നതിനേക്കാൾ കൂലിപ്പണി ചെയ്യുന്നതിലാണ് അവൻറെ അച്ഛനും അമ്മയ്ക്കും താൽപര്യം.

അവന് കൂടെപ്പിറപ്പായി ഒരാൾ മാത്രമാണ് ഉണ്ടായിരുന്നത്. രോഹിണി. അവൾ അവന്റെ എല്ലാമായിരുന്നു. തന്റെ ചേട്ടൻ പഠിക്കുന്നതിൽ ആണ് രോഹിണിക്ക് കൂടുതൽ താല്പര്യം. രാഹുൽ B.comനാണ് പഠിക്കുന്നത്. നാലാമത്തെ വർഷം ആയപ്പോൾ അമ്മ അവനെ ഒരാഴ്ച മാത്രം വിട്ടു. പിന്നെ ഉള്ള സമയം കൂലിപ്പണി ചെയ്യാനായി നിർബന്ധിച്ചു. എവിടെ പോകുമ്പോഴും രാഹുൽ ഒരു സഞ്ചി കയ്യിൽ കരുതും. അതിൽ അവൻറെ പാഠപുസ്തകം ആണ് ഉള്ളത്.

പണി ചെയ്യുന്നതിനിടയിൽ ഇത്തിരി സമയം ലഭിച്ചാൽ ആ സമയം പഠിക്കാം എന്ന് കരുതിയിട്ടാണ് സഞ്ചി കൂടെ കൊണ്ടുനടക്കുന്നത്. അവൻ ഏറ്റവും കൂടുതൽ ആഗ്രഹിച്ചത് B.comൽ ഒന്നാം റാങ്കോടുകൂടി വിജയിക്കണമെന്നായിരുന്നു. അതിനാണ് പരിശ്രമം എല്ലാം. അതിനുവേണ്ടിയാണ് രോഹിണി അവനെ സഹായിക്കുന്നതും.

അവൻ വീട്ടിൽ ഇരുന്ന് പഠിക്കാറില്ല. അമ്മ അവനെ പഠിക്കാൻ സമ്മതിക്കുകയും ഇല്ല. എന്നാലും അവന് തന്റെ കുടുംബത്തെ വളരെ ഇഷ്ടമാണ്. നല്ലൊരു ജോലിയായി. ഇപ്പോൾ ഉള്ള ജീവിതത്തേക്കാൾ കൂടുതൽ മെച്ചപ്പെടണം എന്നതും അവൻറെ ആഗ്രഹമാണ്. അങ്ങനെ അവസാനം ആ പരീക്ഷ വന്നു. അവൻ കൂലിപ്പണിക്കാണെന്നും പറഞ്ഞു പോയി വന്നു. ഏതാനും മാസങ്ങൾ വരെ അവൻ കാത്തു. അതിന്റെ വിധി വന്നു. അവൻ അന്വേഷിച്ചപ്പോൾ വെറും പത്തുമാർക്കിന്റെ വ്യത്യാസത്തിലാണ് അവന് റാങ്ക് നേടാൻ സാധിക്കാതെ വന്നത്. അപ്പോൾ അവന്റെ സഹോദരി അവനോട് പറഞ്ഞു, "ചേട്ടൻ വിഷമിക്കരുത്, ആഗ്രഹിക്കുന്നത് എല്ലാം എപ്പോഴും ലഭിച്ചു എന്ന് വരില്ല". രാഹുൽ അവളുടെ മുഖത്തേക്ക് നോക്കി. "നമുക്ക് അടുത്തകൊല്ലം നോക്കാം". ഇതും കൂടി അവൾ പറഞ്ഞപ്പോൾ അവന് ഒരുപാട് ആശ്വാസമായി. അവളുടെ ആ വാക്കുകൾ മറ്റെന്തോ കാരണമാകാം എന്ന് അവന് തോന്നി. ഏത് ഇരുട്ടത്തും വെളിച്ചം തരുന്ന നിലാവ് പോലെയാ വാക്കുകൾ മാറി. ഒരു മഴവില്ലെന്ന പോലെ.

നഹീദ നവാസ്
9 D

# വെളിച്ചത്തിന്റെ ഇരുട്ട്



കാൺമതില്ല നിന്നെ,
ഗന്ധത്തിൽ തേടി ഞാൻ.
ഇരുട്ടിന്റെ യാമങ്ങളിൽ
തെളിയാതെ ബന്ധനങ്ങളും.
വെളിച്ചമേ നീയറിയുക,
അണയാത്ത ദീപം
ശിഥിലമായി പോകവേ,
മരണമേ നിൻ, ഇരുട്ടിന്റെ
കറുത്ത കാലത്തെ ഞാൻ
ഒരു വെട്ടമായി ബന്ധിപ്പിക്കവേ.
മൃഗത്തിന്റെ തോലും ഭാവവും
അണിഞ്ഞ മനുഷ്യാ, നിന്റെ
ആയുസ്സിൻ അന്ത്യവും മൃഗമായി തന്നെ.
അണയാത്ത ദീപനൈർമ്മല്യമെന്ന
തളരാത്ത ജീവിതം തേടി
കർമ്മ പാദത്തിൻ ആയുസ്സല്ലയോ?
മനുഷ്യാ നിന്നടേത്.
അടരുമോ നിന്നുടെ മനസ്സിന്റെ
അഹങ്കാര ധ്വനികൾ
എന്നുടെ ഗാന്ധ പ്രവാഹ കർമ്മങ്ങളും
ഒരുമ തേടി ഞാൻ അലഞ്ഞു,
നിന്നുടെ വിഹാരത്തിൽ.
കണ്ടില്ല, കാണില്ല നിന്റെ
ജീവിതം അത്രയുമർത്ഥമില്ലേ?
നിന്റെ ജീവിതമത്രയും വ്യർത്ഥമല്ലോ...
നിശബ്ദത യുടെ ലോകത്ത്
ഹസ്തം നീളവേ
ഞാനറിഞ്ഞു മനുഷ്യമനസ്സ്
ജീവിതമല്ലത്, മരണമല്ലോ!

അഫീന ഹിദ
9 B

# പൊന്നു കെട്ടിയ രുദ്രാക്ഷം
# ( ഈ പുരാതന കിന്നാരം)

- ഒ. എൻ. വി കുറുപ്പ്



പ്രശസ്ത കവി ശ്രീ ഒ.എൻ. വി കുറുപ്പിന്റെ ഈ പുരാതന കിന്നാരം എന്നകവിത സമാഹാരത്തിലെ അതിമനോഹരമായ ഒരു കൊച്ചു കവിതയാണ് 'പൊന്നു കെട്ടിയ രുദ്രാക്ഷം'. മലയാളത്തിലെ പ്രശസ്ത കവിയാണ് ശ്രീ ഒ.എൻ.വി കുറിപ്പ്. ഒ.എൻ.വി എന്ന ചുരുക്കപ്പേരിലും അദ്ദേഹം അറിയപ്പെടുന്നു. 1931 മെയ് 27ന് ജനനം. 1982 മുതൽ 1987ലെ കേന്ദ്ര സാഹിത്യ അക്കാദമി അംഗമായിരുന്നു.

കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ സ്ഥാനവും ഇദ്ദേഹം വഹിച്ചിരുന്നു.സാഹിത്യരംഗത്തിലെ സംഭാവനകൾ പരിഗണിച്ച് 2007-ലെ ജ്ഞാനപീഠ പുരസ്കാരം ഇദ്ദേഹത്തിന് 2010ൽ ലഭിച്ചു. കേന്ദ്ര സർക്കാരിന്റെ പത്മശ്രീ (1998), പത്മഭൂഷൺ (2011) എന്നീ ബഹുമതികൾ ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. നിരവധി സിനിമകൾക്കും നാടകങ്ങൾക്കും ടെലിവിഷൻ സീരിയലുകൾക്കും ഇദ്ദേഹം ഗാനങ്ങൾ രചിച്ചിട്ടുണ്ട്. അമ്മ, വളപ്പൊട്ടുകൾ,ഗോതമ്പുമണി, ഭൂമിക്ക് ഒരു ചരമഗീതം എന്നീ കവിതകൾ അദ്ദേഹത്തിന്റെ പ്രധാന രചനകളിൽ പെട്ടതാണ്. 2016 ഫെബ്രുവരി 13ന് അദ്ദേഹം മലയാള സാഹിത്യത്തിനോട് വിട പറഞ്ഞു.

ഏവർക്കും മനസ്സിലാക്കാൻ തക്ക വിധത്തിലുള്ള അവതരണ ശൈലിയാണ് കവി ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. ഏതൊരു വായനക്കാരനെയും സ്വാധീനിപ്പിക്കുന്നതും, ആശയ വ്യക്തതയോട് കൂടിയും, ഇന്നത്തെ തലമുറയെ ബന്ധപ്പെടുത്തി കൊണ്ടുള്ള കവിതയാണിത്. ഇന്നത്തെ സമൂഹ ജീവിതത്തിൽ വയോജനങ്ങൾ അഭിമുഖീകരിക്കുന്ന ഒറ്റപ്പെടൽ ആണ് ഇതിന്റെ ഉള്ളടക്കം. എല്ലാവിധ സൗകര്യങ്ങൾ ഉണ്ടായിട്ടും ജീവിത സയാഹനത്തിൽ തികച്ചും ഒറ്റപ്പെട്ട അനാഥരായി കഴിയേണ്ടി വരുന്ന അച്ഛനമ്മമാരെ ഓർമിപ്പിക്കുന്ന കവിതയാണിത്. സ്വന്തം മക്കളുടെ സംരക്ഷണവും സ്നേഹ വാത്സല്യങ്ങളും ലഭിക്കാത്ത ഒറ്റപ്പെട്ട് കഴിയുന്ന മുത്തശ്ശിയാണ് ഈ കവിതയുടെ കേന്ദ്ര കഥാപാത്രം. ഉന്നത വിദ്യാഭ്യാസം ലഭിച്ച് കൂടുതൽ സൗകര്യങ്ങൾ തേടി നഗരപ്രദേശത്തിലേക്ക് താമസമാക്കിയവരാണ് മുത്തശ്ശിയുടെ മക്കൾ. വർഷത്തിലൊരിക്കൽ തന്റെ അച്ഛന്റെ ശ്രാദ്ധമൂട്ടിന് വന്നുപോകുന്ന മൂത്തമകനാണ് ആ വീട്ടിലെ ഏക സന്ദർശകൻ. മുത്തശ്ശിയുടെ ഏക ആശ്രയം അമ്മു എന്ന കൊച്ചു ബാലികയായിരുന്നു. അമ്മു മുത്തശ്ശിയെ സ്വന്തം അമ്മയായിട്ടായിരുന്നു കരുതിയിരുന്നത്. അമ്മു മുത്തശ്ശിയെ ശ്രദ്ധയോടുകൂടി നോക്കുന്നത് എന്ന വരികളിലൂടെയാണ് കവിതയുടെ ആരംഭം. മുത്തശ്ശിക്ക് തന്നെ മക്കളെക്കാൾ ഏറെ പ്രിയമായിരുന്നു അമ്മുവിനെ. മുത്തശ്ശിയെ കുളിപ്പിക്കുന്നതും രാസനാദി ഉച്ചിയിൽ വച്ച് തിരുമ്പുന്നതും നെറ്റിയിൽ ഭസ്മം തൊടീക്കുന്നതും വസ്ത്രമിടീപ്പിക്കുന്നതും പ്രാതൽ കഴിപ്പിക്കുന്നതും എല്ലാം അമ്മു തന്റെ മനസ്സ് നിറഞ്ഞു കൊണ്ടായിരുന്നു ചെയ്തിരുന്നത്. ഇതിലെല്ലാം മുത്തശ്ശി വളരെ സന്തോഷവതി ആയിരുന്നെങ്കിലും തന്റെ കാലശേഷം അമ്മുവിന് ആരുണ്ട് എന്ന ചിന്ത മുത്തശ്ശിയെ അലട്ടിയിരുന്നു. ഈ ചിന്തയിൽ തന്റെ മകൻ സമ്മാനിച്ച പൊന്നു കെട്ടിയ രുദ്രാക്ഷം മുത്തശ്ശി അമ്മുവിന് കൊടുക്കുകയാണ്. ആ പെണ്ണിനെ മുത്തശ്ശിക്ക് ഭയമാണെന്നും, തനിക്ക് സാധാരണ രുദ്രാക്ഷം മതിയെന്നും, അമ്മുവിനെ ഇത് ഭാവിയിൽ

ഉപകാരപ്പെട്ടേക്കാം എന്ന് പറഞ്ഞു കൊണ്ടാണ് അമ്മുവിന് ഇതു കൊടുക്കുന്നത്. മുത്തശ്ശിയെ ഇതുവരെയും കണ്ടിട്ടില്ലാത്ത പേരക്കുട്ടികൾ അയച്ച ആശംസ കാർഡുകൾ സൂക്ഷിച്ചുവെച്ച ആ പെട്ടിയിൽ തന്നെ രുദ്രാക്ഷം ഭദ്രമായി വെച്ചു. പെട്ടെന്നായിരുന്നു മുത്തശ്ശിക്ക് രോഗം പിടിപെട്ടത്. ദിവസം പോകുന്തോറും മുത്തശ്ശിക്ക് രോഗം കലശലായി. ഒരിക്കൽ തന്റെ മക്കളുടെഅച്ഛൻ മരിച്ച ദിനത്തിൽ രാമായണം വായിച്ചുകൊണ്ടിരിക്കെ പെട്ടെന്ന് മുത്തശ്ശി മരണപ്പെട്ടു. അന്ന് ആദ്യമായിട്ടായിരുന്നു മുത്തശ്ശിയുടെ എല്ലാ മക്കളും തങ്ങളുടെ അച്ഛൻ മരിച്ച ദിനത്തിൽ ഒത്തുചേർന്നത്. ഇത്രയും കാലം മുത്തശ്ശിയെ കാണാതിരുന്ന പേരക്കുട്ടികൾ ശ്വാസമില്ലാതെ കിടക്കുന്ന മുത്തശ്ശിയെ കാണുന്നു. എല്ലാം കഴിഞ്ഞപ്പോൾ മുത്തശ്ശിയെ നോക്കിയ അമ്മുവിന് എന്തെങ്കിലും കൊടുക്കണ്ടേ എന്ന ചർച്ചയിൽ പണത്തിന്റെ കാര്യം പറഞ്ഞു വീണ്ടും അവർ വഴക്കിലായി. അപ്പോൾ അമ്മു തനിക്ക് ഒന്നും വേണ്ട എന്ന് പറഞ്ഞു. മുത്തശ്ശി കൊടുത്ത രുദ്രാക്ഷം മാത്രം മതിയെന്ന് പറഞ്ഞു കൊണ്ട് അവിടം വിട്ടു പോയി. ഇതിലൂടെ കവിത അവസാനിച്ചു.

അതിമനോഹരമായ ഭാഷയിലൂടെയാണ് കവി എല്ലാം കവിതയിൽ പ്രകടമാക്കിയിരിക്കുന്നത്. വളരെ ലളിതമായ ഭാഷയിൽ ഏതൊരു വായനക്കാരനെയും കണ്ണുകൾ ഈറനണിയിപ്പിക്കുന്ന വിധത്തിലുള്ള മുഹൂർത്തങ്ങൾ അടങ്ങിയ ഒരു കവിതയാണിത്. ഈ കവിതയിൽ പറയുന്ന സൂര്യനെ കാണാൻ ഇറയത്ത് ചാരി കസേരയിൽ ഇരിക്കുമ്പോൾ മുത്തശ്ശി അമ്മുവിനോട് പറയാത്ത നിശബ്ദ ദുഃഖം കണ്ണീർ തുളുമ്പുന്നു എന്ന വരികളാണ് എന്നെ ഈ കവിതയിൽ ഏറ്റവും സ്വാധീനിച്ചിരിക്കുന്നത്. തന്റെ മക്കളെ വളർത്തി വലുതാക്കി അവസാനം അവരുടെ സഹായം വേണ്ടി വരുമ്പോൾ അതെന്ന് കിട്ടാതെയും മക്കളുടെ സാന്നിധ്യം പോലുമില്ലാതെ വൃദ്ധസദനങ്ങളിൽ ജീവിക്കേണ്ടിവരുന്ന മാതാപിതാക്കളെ കൂടി ചൂണ്ടിക്കാണിക്കുന്ന ഒരു കവിത കൂടിയാണ്. ഈ കവിത എനിക്ക് വളരെയധികം ഇഷ്ടപ്പെട്ടു.

വൈഗ അനിൽ(9 A)

## ഓർമ്മയിലെ ഏടുകൾ



ഇരുട്ടിൽ നിന്നും മാറി വന്ന മേഘമേ,
ഇരുട്ടായി നീ മാറിടല്ലേ,
കാറ്റേ നീ വീശല്ലേ,
വീശുമ്പോൾ എന്നെ കാത്തിടല്ലേ.

ഇന്ന് ഞാൻ പോകുന്നു,
ആ വിദ്യാലയ പടി കയറുവാൻ,
വിദ്യകൾ ഓരോന്നായി നുകരുവാൻ.

ഭാഗ്യം തരണമേ ദൈവമേ,
വിദ്യക്കുള്ള ഒന്നാം പടിയേറുവാൻ.
വിജയം തരണമേ,
എനിക്കിന്നെന്റെ ആദ്യ ദിനം.

ചിത്തമാകെ സന്തോഷത്താൽ നിറഞ്ഞു,
തിരിച്ചെത്തിയല്ലോ ആ ദിനം,
എന്നോർത്തെന്നിൽ വെമ്പലായി.

നിരഞ്ജന വി എസ്
9 B

# <u>മഴത്തുള്ളികൾ - ആസ്വാദനക്കുറിപ്പ്</u>



പ്രശസ്ത മലയാള കവി ഒ.എൻ.വിയുടെ കൃതിയായ ഈ പുരാതന കിന്നാരത്തിലെ "മഴത്തുള്ളികൾ" എന്ന കവിതയാണ് ഞാൻ വായിച്ചത്. വളരെയധികം രസകരമായാണ് കവി മഴയെ വർണിച്ചിരിക്കുന്നത്. മഴയെക്കുറിച്ച് എല്ലാം കവിതയിൽ പറയുന്നു.മഴ കാണുമ്പോൾ കവിക്കുണ്ടായ വികാരങ്ങൾ വളരെയധികം രസകരമായും വായനക്കാർക്ക് മടുപ്പില്ലാതെയുമാണ് കവിതയിൽ വിശദമാക്കിയിട്ടുള്ളത്. വായിക്കും തോറും മനസ്സിൽ ഒരു അനുഭവം പതിയുന്നു. "മഴത്തുള്ളികൾ" എന്ന കവിതയിൽ ഒരു സുന്ദരി പെൺകുട്ടിയെയും വർണ്ണിച്ചിരുന്നു. ആ മഴയെ ബാല്യകാല സുഹൃത്തായ പെൺകുട്ടി ആസ്വദിക്കുന്നത് എങ്ങനെയാണെന്ന് ഇതിൽ പറയുന്നുണ്ട്. പലർക്കും മഴ എന്നത് വളരെയധികം രസകരമായ അനുഭവമായിരിക്കും. അതുപോലെ തന്നെ വളരെയധികം രസകരമായ കവിതയാണ് ഇത്.

മഴയോടൊപ്പം തന്നെ വളരെയധികം കൗതുകമായി പെൺകുട്ടിയെയും ഇതിനൊരുമിച്ച് വർണ്ണിച്ചിരിക്കുന്നു.മഴയെ ആസ്വദിക്കുമ്പോൾ ബാല്യ നൈർമല്യം, അടക്കാനാവാത്ത കൗതുകം, ഓർമ്മയിൽ നിന്നും മരിക്കാത്ത ആ പുഴ എല്ലാം ഓർത്തു മഴയെ ആസ്വദിക്കാൻ വേണ്ടി കൂട്ടുകാരുമൊത്ത് പോകുന്ന പെൺകുട്ടി ഒരു മറക്കാനാവാത്ത അനുഭവമായി പറയുന്ന "മഴക്കെന്തൊരു ഭംഗി".

പെൺകുട്ടിയുടെ മനസ്സിൽ മഴ മാത്രമായി നിറഞ്ഞിരിക്കുന്നു. എന്നാൽ പെൺകുട്ടി മഴയെ ആസ്വദിക്കുന്നത് എങ്ങനെയാണോ അതിലും രസകരമായാണ് മഴയെ ആസ്വദിക്കുന്ന പെൺകുട്ടിയെ കവി വർണിക്കുന്നത്. ഈ കവിത വായനക്കാരുടെമനസ്സിൽ പതിയും വിധം കവി അവതരിപ്പിച്ചിരിക്കുന്നു.

ഷംസീന പി എസ്
9 C

## ബുക്ക് ഷെൽഫ്



പുതിയ വീട്ടിലെ
ബുക്ക് ഷെൽഫ്
ഡിസൈൻ
എനിക്കേറെ
ഇഷ്ടമായി
കളർഫുൾ...
ഒരോ കള്ളികളുടേയും
അളവുകളെടുത്ത്
ഞാൻ തൊട്ടടുത്ത
ബുക്ക് സ്റ്റാറ്റിളിലേക്ക്
പുറപ്പെട്ടു...
വർഷങ്ങളായി
ബുക്ക്സ്റ്റാളിന്
മുമ്പിലൂടെ,
ഫ്രീ ഓഫർ
ഉണ്ടായപ്പോൾ പോലും
തലയും താഴ്ത്തിനടക്കുന്ന
എന്റെ ആഗമനം
അവരെ ആകാംക്ഷാഭരിതരാക്കി...
" സാർ ഏത് ബുക്കാണ് വേണ്ടത്?
എം ടി, ഒ എൻ വി,
മാധവിക്കുട്ടി,
ബഷീർ...
ഇനി ന്യൂജെൻ
എഴുത്തുകാരായ
ബാലൻ വേങ്ങര,
അർഷാദ് ബത്തേരി,
റോയ്സൺ പിലാക്കാവ്...? "
ഞാൻ എന്റെ കയ്യിലുള്ള
കടലാസുകഷണം
അഭിമാനത്തോടെ
അയാളുടെ നേരെ നീട്ടി
അത് വാങ്ങിവായിച്ച
അവർ പരസ്പരം
മ്ലാനതയോടെ
മുഖത്തോടുമുഖം നോക്കി...

"12 ഇഞ്ച് നീളത്തിൽ
നീല ചട്ട പത്തെണ്ണം,
10 ഇഞ്ച് നീളത്തിലും
6 ഇഞ്ച് വീതിയിലുമുള്ള
മഞ്ഞച്ചട്ടയുള്ളത് പതിനഞ്ചെണ്ണം,
8 ഇഞ്ച്........."

എല്ലാം വാങ്ങി സഞ്ചിയിലാക്കി
വീട്ടിലേക്ക് പോകുംവഴി
ഞാൻ ആലോചിച്ചു...
അവരെന്തിനാണ്
എന്റെ പുസ്തകച്ചീട്ട് കണ്ടിട്ട്
മ്ലാനതയോടെ മുഖത്തോടുമുഖം നോക്കിയത്?
ഓ എന്തോ ആകട്ടേ...
ഞാൻ സ്വയം സമാധാനിച്ചു
ഇനി അക്വേറിയത്തിലേക്കുള്ള
വർണ്ണമീനുകൾ
വാങ്ങിക്കണം
ഞാൻ വേഗം
വർണ്ണമീനുകൾ വിൽക്കുന്ന
കട ലക്ഷ്യമാക്കി
മുന്നോട്ടു നടന്നു...

ഷസ്മിൻ എൻ ഷൈജൽ
9 A

# ജീവിതം

നമ്മുടെ ഒരു വാക്കുകൊണ്ട് ഒരാളെങ്കിലും സന്തോഷിച്ച് കണ്ടാൽ അത് നമ്മളെ ഒരുപാട് സന്തോഷിപ്പിക്കും. ഈ ജീവിതത്തിൽ ഒറ്റപ്പെട്ടുപോയ ഒരുപാട് പേരുണ്ട്. അവരുടെ സന്തോഷങ്ങൾ ആ ഒറ്റപ്പെടലിലൂടെ മാഞ്ഞുപോകും. ഇങ്ങനെയുള്ളവർ ഒരുപാട് പേരുണ്ട്. നമ്മുടെ മുന്നിൽ സ്നേഹിക്കാൻ മാത്രം അറിയുന്ന കുറെ പ്രായമുള്ളവരെ നമ്മൾ കണ്ടിട്ടുണ്ടാകും. അതുപോലെ രോഗങ്ങൾ ബാധിച്ച കുറേ കുഞ്ഞുങ്ങളെയും. ഇവരുടെ കഥയാണ് ഞാൻ എഴുതുന്നത്. ഞങ്ങൾ എല്ലാവരും കൂടി ഒരു യാത്ര പോവുകയായിരുന്നു. ആ പോക്കിലാണ് ഒരു കാര്യം എന്റെ ശ്രദ്ധയിൽപ്പെടുന്നത്. കുറെ കുഞ്ഞുമനസ്സുകൾ താമസിക്കുന്ന അനാഥാലയം. ഒരിക്കലും ഞാൻ അങ്ങനെയൊരു സ്ഥലത്ത് പോയിട്ടില്ല. അവിടെ ഞാൻ കണ്ടത് സന്തോഷങ്ങളും പുഞ്ചിരിയും മറന്നുപോയ കുറേ കുരുന്നുകളെയാണ്. ആ കാഴ്ച തന്നെ ഒരുപാട് വിഷമിപ്പിച്ചു. ആ കുഞ്ഞുങ്ങളുടെ കൂടെ കുറച്ചു സമയമെങ്കിലും ചിലവഴിക്കണം എന്ന് എന്റെ മനസ്സിൽ തോന്നി. ഞങ്ങളെ കണ്ടതും ആ കുഞ്ഞുങ്ങൾ ഞങ്ങളെ പരിചയപ്പെടാൻ താല്പര്യത്തോടെ വന്നു.




ഞങ്ങളുടെ കൂടെയുണ്ടായിരുന്ന കുറച്ചുപേർക്ക് അവർ വന്നത് ഇഷ്ടപ്പെട്ടില്ല. അത് അവർ അവരോട് പ്രകടിപ്പിക്കുകയും ചെയ്തു. അതെന്റെ മനസ്സിനെ ഒരുപാട് വേദനിപ്പിച്ചു. അവരുടെ പെരുമാറ്റം ആ കുട്ടികൾക്കും ഒരുപാട് വേദന ഉണ്ടാക്കിയെന്ന് എനിക്ക് തോന്നി. അവരുടെ വിഷമം മറക്കാൻ വേണ്ടി ഞാൻ ആ കുട്ടികളോട് സംസാരിക്കാൻ തുടങ്ങി. അത് അവരെ ഒരുപാട് സന്തോഷിപ്പിച്ചു. അവരുടെ കളിയും ചിരിയും ആയിരുന്നു ആ ദിവസം എന്നെ ഏറെ സന്തോഷിപ്പിച്ചത്.

ജീവിതത്തിൽ ഒരിക്കലും മറക്കാൻ കഴിയില്ല ഈ ഒരു അനുഭവം. ലോകത്തെ കാണാനുള്ള അവരുടെ താൽപര്യം എന്റെ ജീവിതത്തിൽ മായാതെ കിടക്കുന്ന കാഴ്ചയാണ്. ഈ കുഞ്ഞുങ്ങളെ പോലെ ഒരുപാട് പേരുണ്ട്. സ്നേഹിക്കാൻ മാത്രം അറിയുന്ന ഈ കുഞ്ഞുങ്ങളുടെ ജീവിതകഥ അറിയാൻ ഞാൻ ശ്രമിച്ചു. ഓരോ കുഞ്ഞിന്റെയും കഥ നമ്മുടെ ഹൃദയത്തെ തകർക്കുന്നത് ആയിരുന്നു. ജീവിതം സന്തോഷം മാത്രം നിറഞ്ഞതല്ല, അതിനിടയിൽ ഇങ്ങനെ കുറെ ജീവിതങ്ങൾ സന്തോഷിക്കാൻ പോലും അറിയാതെ ജീവിക്കുന്നുണ്ട് എന്ന തിരിച്ചറിവ്. ഈ കുഞ്ഞുങ്ങളുടെ ജീവിതം? ഒരു വാക്ക കൊണ്ടു പോലും നമുക്ക് സന്തോഷിപ്പിക്കാൻ സാധിക്കും ആ കുഞ്ഞുങ്ങളെ. എങ്കിലും അതിന് ആരും തയ്യാറാകുന്നില്ല എന്നത് വാസ്തവം. എന്നും കണ്ണീരുകൊണ്ട് ജീവിക്കുന്നവരാണ് ആ കുട്ടികൾ. ഒരിത്തിരി സന്തോഷം ആ കുഞ്ഞുങ്ങൾക്ക് കൊടുക്കുവാൻ നമ്മളെക്കൊണ്ട് സാധിച്ചാൽ അതിലും വലുതൊന്നും ഉണ്ടാവില്ല നമ്മുടെ ജീവിതത്തിൽ. ഇത്രയും പറഞ്ഞു കൊണ്ട് ഈ കഥ അവസാനിപ്പിക്കുന്നു.....

ഫിദ വി

9 A

## മഴ തോരാത്ത വീട്



ഇടി വെട്ടി മഴ പെയ്യും നാളിലല്ലോ
അച്ഛനൊരു പോക്ക് പോയത്.
പൈതങ്ങളായിരുന്ന മക്കൾ
നെല്ലും പതിരും തിരിയാത്തൊരമ്മയും
അച്ഛൻ വിയർത്തിട്ടന്നമൂട്ടിയോർ
തൊഴുത്തിലെ നന്ദിനിയും
കൂട്ടിലെ സീസറും കണ്ണുനീർ
ചൊരിയുന്നു
മുറ്റത്തെ ഗന്ധരാജനും
തൊടിയിലെ സർവസുഗന്ധിയും
ഗന്ധമില്ലാതായി

അടുപ്പത്തെക്കലത്തിൽ കണ്ണുനീർ വേവിക്കുന്നമ്മ

വേനലെത്രയോ വന്നിട്ടും വീട്ടിലെ മഴ മാത്രം തോരുന്നില്ലല്ലോ!


നിദ ഫാത്തിമ

9 B

Speak 5 lines to Yourself
Every Morning

1. God is always with you.
2. Today is my day.
3. I am a winner.
4. I am the best.
5. I can do it.

Dr. A P J Abdul Kalam



Thank You